**Sree Padmanabha Swamy Temple**
Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

No. B6/2024/SPST 26.11.2024

## ക്വട്ടേഷൻ നോട്ടീസ്

ശ്രീപത്മനാഭക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 2004 മോഡൽ ബജാജ് ബോക്സർ സി.ററി. 100 ബൈക്ക് താഴെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നു. ടി ബൈക്കിന്റെ മതിപ്പ് വില 9500/ രൂപയായിരിക്കും.

## നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്നവർ കർശനമായും ഹിന്ദുമതസ്ഥരായിരിക്കണം.
2. ക്വട്ടേഷനോടൊപ്പം ക്ഷേത്രത്തിന്റെ പേരിൽ എടുത്ത 500/- രൂപയുടെ ഡി.ഡി. കൂടി നിരതദ്രവ്യമായി ഉള്ളടക്കം ചെയ്തിരിക്കണം.
3. എന്തെങ്കിലും കാരണവശാൽ ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ചശേഷം ക്വട്ടേഷനിൽ നിന്നും പിൻമാറുകയാണെങ്കിൽ നിരതദ്രവ്യ തുക പൂർണ്ണമായും ക്ഷേത്രത്തിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. തുടർ നടപടികൾ എപ്രകാരം സ്വീകരിക്കണം എന്ന് എക്സിക്യുട്ടീവ് ഓഫീസർ നിശ്ചയിക്കുന്നതായിരിക്കും.
4. ക്വട്ടേഷൻ സ്ഥിരികരിച്ച് അറിയിപ്പ് ലഭിച്ചാൽ ബാക്കി മുഴുവൻ തുകയും 3 പ്രവർത്തി ദിവസത്തിനകം ക്ഷേത്രത്തിലേക്ക് അടച്ച് സ്വന്തം ചിലവിൽ ബൈക്ക് കൊണ്ടു പോകേണ്ടതാണ്.
5. പ്രസ്തുത ബൈക്ക് നേരിട്ട് പരിശോധിക്കുവാൻ താൽപര്യമുള്ളവർക്ക് ഓഫീസ് പ്രവർത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മുൻകൂട്ടിയുള്ള അറിയിപ്പൊടു കൂടി പരിശോധിക്കാവുന്നതാണ്. ഫോൺ നമ്പർ 9387259877
6. ഈ ക്വട്ടേഷൻ സംബന്ധമായ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും ക്വട്ടേഷൻ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള പരിപൂർണ്ണ അവകാശം എക്സിക്യുട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ തങ്ങളുടെ ക്വട്ടേഷൻ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയിലെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ടെന്റർ ബോക്സിൽ 07.12.2024 തീയതി വൈകുന്നേരം 3.00pm .മണിക്കകം നിക്ഷേപിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നരം 3.30 pm മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിനധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

എക്സിക്യൂട്ടീവ് ഓഫീസർ

**സ്വീകർത്താവ്:** ക്ഷേത്രം വെബ്സൈററ്, നോട്ടീസ് ബോർഡ് (5 നടകളിലും)